പത്രക്കുറിപ്പ്

24-05.201

**കുടുംബശ്രീ ഉൽപ്പന്ന പ്രദർശന വിപണന മേളക്കു തുടക്കമായി:**

**രുചി പകരാൻ ഭക്ഷ്യമേളയും സാസ്കാരിക സന്ധ്യയും**

ആലപ്പുഴ : കുടുംബശ്രീ പത്തൊമ്പതാമത് സംസ്ഥാന വാർഷികാഘോഷങ്ങളുടെ ഭാഗമായി കുടുംബശ്രീ സംഘാടകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ പ്രദർശന വിപണനമേളയ്ക്ക് ടൗൺ ഹാളിൽ തുടക്കമായി. 14 ജില്ലകളിൽ നിന്നായി എഴുപതോളം യൂണിറ്റുകളും സംരംഭകരുമാണ് മേളയിൽ പങ്കെടുക്കാൻ എത്തിയത്.

എല്ലാ ജില്ലകളിൽ നിന്നുമുള്ള സംരംഭകർ തങ്ങളുടെ ഉൽപന്നങ്ങളുമായി മേളയ്ക്കെത്തിയിട്ടുണ്ട്. തനിമയും കേരളീയതയും പരിശുദ്ധിയും മുഖമുദ്രയാക്കിയ കുടുംബശ്രീ ഉൽപന്നങ്ങളുടെ ഒരു നീണ്ട നിര തന്നെയാണ് വിപണനമേളയിൽ ഒരുക്കിയിട്ടുള്ളത്.

കുടുംബശ്രീ ഉൽപന്നങ്ങളുടെ മേൻമയും വിശ്വാസ്യതയും കേട്ടറിഞ്ഞ നിരവധി പേർ ഇന്നലെ മേളയിലെത്തി. തിരുവനന്തപുരം ജില്ലയിലെ ഐശ്വര്യ കുടുംബശ്രീ യൂണിറ്റിന്റെ ബ്രഹ്മി ഉൽപന്നങ്ങൾ മേളയുടെ ആകർഷണമാണ്. ആയർവേദ ഫേസ് പാക്ക്, ഹെയർ ഓയിൽ, ദാഹശമനി എന്നിവയാണ് ഐശ്വര്യയുടെ പ്രധാന ഉൽപന്നങ്ങൾ.

വിവിധ ജില്ലകളിൽ നിന്നുള്ള ജൈവഉൽപന്നങ്ങൾ, മുള, പായൽ എന്നിവ കൊണ്ടു തയ്യാറാക്കിയ വിവിധ ഉൽപന്നങ്ങൾ, വൈക്കോൽ ചിത്രങ്ങൾ, ജൈവഅരിയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും, പ്രകൃതി സൗഹൃദ ബാഗുകൾ, കരകൗശല വസ്തുക്കൾ, ആറൻമുളക്കണ്ണാടി, ചക്ക ഉൽപന്നങ്ങൾ, തഴ കൊണ്ടുള്ള ഉൽപന്നങ്ങൾ, അമൃതം ന്യൂട്രിമിക്സ് കൊണ്ടുള്ള മൂല്യവർധിത ഉൽപന്നങ്ങൾ, വിവിധ തരം ചിപ്സുകൾ, കുടംപുളി, വാളൻപുളി, പനമ്പുകൊണ്ടുള്ള ഉൽപന്നങ്ങൾ എന്നിവയും മേളയിലുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നുമാത്രം 25 സംരംഭക യൂണിറ്റുകളാണ് മേളയിൽ പങ്കെടുക്കുന്നത്. വെളിച്ചെണ്ണ, ഉണക്കമത്സ്യം, കറിപൗഡറുകൾ, തേൻ, കയർ ഉൽപന്നങ്ങൾ എന്നിവയാണ് ജില്ലയിൽ നിന്നുള്ള സംരംഭകരുടെ പ്രധാന ഐറ്റങ്ങൾ.

വിപണനമേളയ്ക്കൊപ്പം തിരുവിതാംകൂർ കൊച്ചി മലബാർ രുചികളുടെ വ്യത്യസ്ത രുചിക്കൂട്ടുകൾ വിളമ്പാൻ കഫേ കുടുംബശ്രീയുടെ ഭക്ഷ്യമേളയുമുണ്ട്. ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ള യൂണിറ്റുകളാണ് ഭക്ഷ്യമേളയിൽ സ്വാദിഷ്ഠമായ ഭക്ഷണവിഭവങ്ങളൊരുക്കുന്നത്.

വിപണനമേളയോടനുബന്ധിച്ച് കേരള സംഗീത നാടക അക്കാദമിയുടെ പാട്ടോർമ്മയും പ്രദർശന നഗരിയിൽ അരങ്ങേറി.